91 (1132) എം.എ.സി.റ്റി. വിധികൾ നടപ്പിലാക്കാൻ നടപടി

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ ആക്സിഡന്റ് ഫ്ളൈയിംഗ് ട്രിബ്യൂണൽ വിധികൾ വന്നിട്ടും നഷ്ടപരിഹാരം നൽകാത്തതായി എത്ര കേസുകൾ കെ.എസ്.ആർ. ടി.സി. യിൽ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) നഷ്ടപരിഹാരം നിശ്ചിത സമയത്തിനുള്ളിൽ നൽകാതിരിക്കുന്നത് കൂടുതൽ പലിശത്തുക നൽകുവാനും അതുവഴി സ്ഥാപനത്തിന് കൂടുതൽ നഷ്ടം വരുത്തുവാനും കാരണമാകുന്നുണ്ടോ;

(സി) ഈ വസ്തുത പരിശോധിച്ച് നിശ്ചിത കാലാവധിക്കുള്ളിൽത്തന്നെ നഷ്ടപരിഹാരത്തുക വിതരണം ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വിധിയായ 717 കേസുകളിന്മേൽ നഷ്ടപരിഹാരം നൽകാനുണ്ട്.

(ബി) ഉണ്ട്.

(സി) എം.എ.സി.റ്റി.കൾ പുറപ്പെടുവിക്കുന്ന വിധികൾ പരിശോധിച്ച് അപ്പപ്പോൾത്തന്നെ നഷ്ടപരിഹാരം കൊടുത്തു തീർക്കുവാൻ സാമ്പത്തിക പരാധീനതമൂലം കോർപ്പറേഷനാവില്ല. സാമ്പത്തികനില മെച്ചമാകുന്ന മുറയ്ക്ക് കൊടുത്തു തീർക്കുന്നതാണ്.

92 (1133) കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം ലാഭകരമാക്കുന്നതിന് നടപടി

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. യുടെ പ്രവർത്തനം ലാഭത്തിലാണോ നഷ്ടത്തിലാണോ എന്ന് വ്യക്തമാക്കുമോ;

(ബി) നഷ്ടത്തിലാണെങ്കിൽ നഷ്ടം നികത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ;

(സി) പ്രൈവറ്റ് ബസുകൾ സർവീസ് നടത്തിക്കൊണ്ടിരിക്കുന്ന റൂട്ടിൽ കൂടി ഓടുന്ന കെ.എസ്.ആർ.ടി.സി. ബസുകളുടെ കളക്ഷൻ താരതമ്യേന കുറയുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്റെ കാരണം എന്താണെന്നും അതിന് പരിഹാരം എന്താണെന്നും വ്യക്തമാക്കുമോ;

(ഡി) എല്ലാ സർവീസുകളും മുടങ്ങാതെ കൃത്യമായി ഓടിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) കെ.എസ്.ആർ.ടി.സി. യുടെ നഷ്ടം കുറച്ചു കൊണ്ടുവരുന്നതിന് പല തരത്തിലുള്ള പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിൽ വരുത്തി

LIBRARY ARCHIVES Kerala Legislative Assembly

യിട്ടുണ്ട്. വരുമാനം കൂടുതൽ ലഭിക്കുന്ന സർവീസുകൾ മുടക്കം കൂടാതെ ഓടിക്കുന്നുണ്ട്. ദേശവൽകൃതമേഖലയിൽ കൂടുതൽ സർവീസ് നടത്തുവാൻ ശ്രദ്ധിക്കുന്നുണ്ട്. വരുമാന ചോർച്ച തടയുവാൻ ലൈൻ ഇൻസ്പെക്ഷൻ വിഭാഗം കൂടുതൽ ശക്തിപ്പെടുത്തി. ഇൻവെന്ററി കൺട്രോൾ കൂടുതൽ കാര്യ ക്ഷമമാക്കി. റവന്യൂ ജില്ലാടിസ്ഥാനത്തിൽ പല മേഖലകളായി തിരിച്ച് ഡിസ്ട്രിക്ട് മാനേജർമാരെ ചുമതല ഏൽപ്പിച്ചിട്ടുണ്ട്. ഇവർ യൂണിറ്റുകളിൽ നേരിട്ട് ശ്രദ്ധ ചെലുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. കൂടാതെ ബസ് ക്രൂ മാരേജ് നടപ്പിൽ വരുത്തി. കൂടുതൽ പുതിയ ബസുകൾ നിരത്തിലിറക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഉണ്ട്. പ്രൈവറ്റ് ബസുകൾ ഓടുന്ന റൂട്ടുകളിലെ കെ.എസ്.ആർ. ടി.സി. ബസുകൾ കൃത്യമായും സമയനിഷ്ഠ പാലിക്കാത്തതുകൊണ്ടാണ് വരു മാനകുറവുണ്ടാകുന്നത്. കൃത്യമായിട്ടും വണ്ടി ഓടിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇന്ന് ഓടിക്കുവാനായി നിശ്ചയിച്ചിട്ടുള്ള 3657 ഷെഡ്യൂളു കൾക്ക് ആവശ്യമായ ബസുകൾ കെ.എസ്.ആർ.ടി.സി.ക്കില്ല. ഇത്രയും ഷെഡ്യൂളുകൾ മുടക്കം കൂടാതെ ഓടിക്കുവാൻ 4320 ബസുകൾ ആവശ്യമായി രിക്കേ 4024 ബസുകൾ മാത്രമേ കൈവശമുള്ളൂ. ഇവയിൽത്തന്നെ കുറച്ചു ബസ്സുകൾ അറ്റകുറ്റപ്പണികൾക്കായി നിർത്തിയിട്ടിരിക്കുകയാണ്. ഈ സാഹച ര്യത്തിൽ ചില സർവീസുകൾ ക്യാൻസൽ ചെയ്യാൻ കെ.എസ്.ആർ.ടി.സി. നിർബന്ധിതമാകുന്നു. വരുമാനം തീരെ കുറഞ്ഞ സർവീസുകളും ദേശ വൽകൃതമല്ലാത്ത മേഖലയിലെ സർവീസുകളുമാണ് ഇത്തരത്തിൽ ബസുക ളുടെ അപര്യാപ്തതമൂലം ഓപ്പറേറ്റ് ചെയ്യാത്തത്.

93 (1134) വെഹിക്കിൾ സൂപ്പർവൈസറുടെ പെൻഷൻ ആനുകൂല്യങ്ങൾ

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യുടെ തിരുവനന്തപുരം സിറ്റി യൂണിറ്റിൽ വെഹിക്കിൾ സൂപ്പർവൈസറായി 30.4.98-ൽ സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ. പരമേശ്വരൻനായർക്ക് പെൻഷൻ ആനുകൂല്യം നൽകിയപ്പോൾ കെ.എസ്. ആർ. പാർട്ട് മൂന്ന് റൂൾ 65 പ്രകാരം ഒരു വർഷത്തെ ഗ്രേസ് പിരിയഡ് ആനു കൂല്യം നൽകിയിരുന്നുവോ;

(ബി) അഞ്ചാം ശമ്പള പരിഷ്കരണ ശുപാർശ നടപ്പിലാക്കിയപ്പോൾ പ്രസ്തുത ആനുകൂല്യം നിരാകരിച്ചിട്ടുണ്ടോ;

(സി) പെൻഷൻ സംബന്ധമായി ശ്രീ. ജി. പരമേശ്വരൻ നായർ സർക്കാരിന് പരാതി നൽകിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നൽകിയിരുന്നു.

(ബി) നിരാകരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly